# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

എസ്. പി. എം. യു. പി. എസ്
ആയിക്കുന്നം

S.P.M.U.P.S.
SASTHAMCOTTA
Pin. 690 521
AYIKKUNNAM

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യൂ ജില്ല . | കൊല്ലം |
| 2. വിദ്യാഭ്യാസ ജില്ല | കൊട്ടാരക്കര |
| 3. വിദ്യാഭ്യാസ ഉപജില്ല | ശാസ്താംകോട്ട |
| 4 സ്കൂൾ കോഡ് | 39537<br>UDISE Code. 32131100606 |
| 5. സ്കൂളിന്റെ പേര് | എസ്. പി. എം. യു. പി. എസ്<br>(SREE PADMANABHA MEMORIAL U.P.S)<br>ആയിക്കുന്നം. |
| 6. മേൽവിലാസം. | ശാസ്താംകോട്ട. പി.ഒ<br>കൊല്ലം (ജില്ല)<br>PIN. 690521 |
| 7. ഗ്രാമപഞ്ചായത്ത് | ശൂരനാട് തെക്ക് |
| 8. ക്ലാസുകൾ | 1 മുതൽ 7 വരെ & Pre-primary. |
| 9. പഠന മാധ്യമം | മലയാളം & ഇംഗ്ലീഷ് |
| 10. മാനേജ്മെന്റ് | Pvt. Aided. |
| 11 സ്കൂൾ സ്ഥാപിത വർഷം | 1964 |

S.P.M.U.P.S. ★ AYIKKUNNAM ★ SASTHAMCOTTA Pin. 690 521

# ആമുഖം.

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ നയന മനോഹരമായ ശാസ്താംകോട്ടക്ക് സമീപം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലാണ് ആയിക്കുന്നം എസ്.വി.എം.യു.പി.എസ് സ്ഥിതി ചെയ്യുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാ കായിക രംഗങ്ങളിലും മികവ് വർദ്ധിപ്പിക്കുവാൻ ഉള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം എന്ന തത്വം നടപ്പിലാക്കുന്നതിനാവശ്യമായ ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് സ്കൂളിൽ പ്രാവർത്തികമാക്കി വരുന്നു.

ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ വഴി അക്കാദമിക രംഗത്ത് ചിട്ടയായ പ്ലാനിംഗും തുടർ പ്രവർത്തനങ്ങളും മറ്റുമായി മികവുണ്ടാക്കുവാൻ കഴിയുമെന്ന് ഉറപ്പുണ്ട്.

പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തിന്റെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും സ്കൂൾ ക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനും ചിട്ടയായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

# ലക്ഷ്യങ്ങൾ

അക്കാദമികം, സാമൂഹികം, ഭൗതികം, ആരോഗ്യം, കാർഷിക സംസ്കാരം, വിനോദാവസ്ഥ തുടങ്ങിയ ഇനങ്ങളിലായി നിലവിൽ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ കണ്ടെത്തുകയുണ്ടായി. ഈ പ്രശ്നങ്ങളെ പരിഹരിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ നിശ്ചയിച്ചു. കൃത്യമായ പ്ലാൻ തയ്യാറാക്കി ലക്ഷ്യപൂർത്തീകരണത്തിനായി യത്നിക്കുക. അതിനായി താഴെ പറയുന്ന തരത്തിലുള്ള ലക്ഷ്യങ്ങൾ നിശ്ചയിക്കാം.

## പ്രവർത്തന പദ്ധതി

* കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുക.
* തെറ്റില്ലാതെ എഴുതാൻ പ്രാപ്തരാക്കുക.
* മറ്റ് ഭാഷകൾ (ഇംഗ്ലീഷ്, ഹിന്ദി) കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
* ശാസ്ത്ര പരീക്ഷണങ്ങളിലെ താൽപര്യം വർദ്ധിപ്പിക്കുക.
* പഠനനിലവാരം മെച്ചപ്പെടുത്തുക.
* സ്കോളർഷിപ്പുകൾ നേടുക.
* പഠന താൽപര്യം വർദ്ധിപ്പിക്കുക.
* കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുക.
* ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
* മതിയായ ഫർണിച്ചറുകൾ ഉണ്ടാക്കുക.
* ഹരിത വിദ്യാലയം നിലനിർത്തുക.
* ദിനാചരണങ്ങൾ ഭംഗിയായി സംഘടിപ്പിക്കുക.
* ഗണിത ലാബ് പൂർണ്ണ സജ്ജീകരിക്കൽ
* ലൈബ്രറി നവീകരണം.
* ചിട്ടയായ കായിക വിദ്യാഭ്യാസം നൽകൽ.

S.P.M.U.P.S. SASTHAMCOTTA Pin. 690 521 AYIKKUNNAM

# അവസ്ഥാ വിശകലനം.

| മേഖല | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| അക്കാദമികം | വായനാ ശീലം കുറവ്<br>15% കുട്ടികളിലും എഴുത്തിൽ പിന്നോക്കാവസ്ഥ കാണുന്നു.<br>ഇംഗ്ലീഷ് ടീച്ചറില്ല പോരായ്മയുണ്ട്.<br>കമ്പ്യൂട്ടർ പരിജ്ഞാനക്കുറവ്.<br>ശാസ്ത്ര താൽപര്യക്കുറവ്.<br>സ്പോർട്സ് മീറ്റ് പോലുള്ളവയിൽ ശ്രദ്ധക്കുറവ്.<br>പഠന കാര്യങ്ങളിലുള്ള പിന്നോക്കാവസ്ഥ.<br>കായിക വിദ്യാഭ്യാസക്കുറവ്. | എല്ലാവരെയും വായനാശീലമുള്ളവരാക്കി മാറ്റുക.<br>പിന്നോക്കാവസ്ഥ പരിഹരിച്ച് തെറ്റില്ലാതെ എഴുതുന്നവരാക്കി മാറ്റുക.<br>എല്ലാവരും അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നവരാകണം.<br>ശാസ്ത്ര പരീക്ഷണ നിരീക്ഷണ താൽപര്യം വർദ്ധിപ്പിക്കുക.<br>കുറവ് പരിഹരിച്ച് ഉന്നതമികവുകൾ നേടുക.<br>ജില്ലാതലത്തിലൂടെ [illegible] ഉപജില്ലാ മാറ്റുരയ്ക്കുക.<br>കായികാധ്യാപകനെ പ്രത്യേകം പരിഹരിക്കൽ |
| ഭൗതികസാഹചര്യം | നല്ല ഒരു കെട്ടിടത്തിന്റെ അഭാവം.<br>ശാസ്ത്ര ലാബിന്റെ ശോചനീയാവസ്ഥ.<br>നല്ല കമ്പ്യൂട്ടർ ലാബിന്റെ അഭാവം.<br>ലൈബ്രറി റൂമിന്റെ അഭാവം.<br>Smart class ന്റെ അഭാവം. | പുതിയ ക്ലാസ് മുറികൾ സജ്ജമാക്കുക.<br>മതിയായ സാധന സാമഗ്രികൾ ഉൾപ്പെടുത്തിയും നല്ല സൗകര്യങ്ങൾ ലഭ്യമാക്കിയും മാറ്റിയെടുക്കുക.<br>നല്ല ഇരിപ്പിടങ്ങളോടു കൂടിയ ലൈബ്രറി റൂം നിർമ്മിക്കുക. |

S.P.M.U.P.S.
SASTHAMCOTTA
Pin. 690 521
AYIKKUNNAM

| | നിലവിലെ അവസ്ഥ | ഇനി വേണ്ടത്. |
|---|---|---|
| സാമൂഹികം | പ്ലാസ്റ്റിക്കിന്റെ ഉപയോഗവും വലിച്ചെറിയൽ ശീലവും കാണുന്നു.<br>പത്ര വായനാ ശീലം കുറവ്.<br>പൊതുവായ കാര്യങ്ങളിലെ അറിവില്ലായ്മ.<br>സാമൂഹിക ഉത്തരവാദിത്വക്കുറവ് | പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതും വലിച്ചെറിയൽ ശീലം കുറയ്ക്കുന്നതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>വായനാശീലം വർദ്ധിപ്പിക്കാൻ എല്ലാ ആഴ്ചയിലും പത്ര ക്വിസ് നടത്തുന്നു.<br>പ്രഥമ ശുശ്രൂഷ, റോഡ് നിയമങ്ങൾ പോലുള്ള പൊതുവായ കാര്യങ്ങളിലുള്ള അറിവില്ലായ്മ കുറയ്ക്കുന്നതിന് ബോധവത്കരണ ക്ലാസുകൾ നടത്തുന്നു.<br>പൊതുമുതൽ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വവും കടമയുമാണെന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുന്നു. |
| ആരോഗ്യം | കായികാരോഗ്യം, വ്യക്തിശുചിത്വം, പരിസര ശുചിത്വം, ആരോഗ്യ സംരക്ഷണ മാർഗങ്ങൾ ഇവയിലെല്ലാം പരിജ്ഞാനക്കുറവ്. | കായികാധ്യാപകന്റെ സേവനം ലഭ്യമാക്കൽ.<br>ബോധവത്കരണ ക്ലാസുകൾ, സംഘടിപ്പിക്കൽ, യോഗ തുടങ്ങിയ മാർഗങ്ങളിലൂടെ പരിഹരിക്കുന്നു. |
| കാർഷിക സംസ്കാരം | കൃഷിയോടുള്ള താൽപര്യക്കുറവ്. | അടുക്കളത്തോട്ടം പോലുള്ള കൃഷികൾ ചെയ്യുന്നതിലൂടെ കൃഷിയോടുള്ള താൽപര്യം ജനിപ്പിക്കുന്നു. |

S.P.M.U.P.S.
SASTHAMCOTTA
Pin. 690 521
AYIKKUNNAM

| [illegible] | നിലവിലെ അവസ്ഥ | ഇനി വേണ്ടത്. |
| --- | --- | --- |
| പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം. | പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾ, ഭിന്നശേഷി കുട്ടികൾ എന്നിവരുടെ നിലവാരക്കുറവ് | മലയാളത്തിളക്കം, Spoken English പോലുള്ള പ്രവർത്തനങ്ങളിലൂടെയും ലളിതമായ തുടർ പ്രവർത്തനങ്ങളിലൂടെയും പരിഹരിക്കപ്പെടാം. ഭിന്നശേഷി കുട്ടികൾക്കും ഉചിത അവസരം നൽകി അവരുടെ നിലവാരം കൂട്ടുക. |

S.P.M.U.P.S. SASTHAMCOTTA Pin. 690 521 AYIKKUNNAM

# യു.പി. ഗണിതം പ്രവർത്തന കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശിൽപശാല. കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരുക്കൾ, ഫ്ലാഷ് കാർഡ് etc ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും. | ഒറിഗാമി ശിൽപശാല. ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്, പി.ടി.എ |
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു) | ഐ.ടി. സാധ്യതകളിലൂടെ. ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഗ്രാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| വിവിധ ശേഷികളുടെ വികാസം | ദിനാചരണം നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

S.P.M.U.P.S. SASTHAMCOTTA Pin. 690 521

L.P

| | പരിപാടിയുടെ പേര് | നിർവഹണകാലം. |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ്. |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 5 | നാട്ടുവിശേഷം കുറിപ്പുകൾ | ജൂലൈ - മാർച്ച്. |
| 6. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഒരോന്ന് വീതം. |
| 7. | ശാസ്ത്രോത്സവം | ജൂലൈ - ഫെബ്രുവരി. മാസം തോറും. |
| 8. | ഭാഷോത്സവം | ജനുവരി. |
| 9. | ഗണിത ക്വിസ്, ഗണിതമേള | ജൂൺ. |
| 10. | ഗണിതം. സചിത്ര നോട്ട് ബുക്ക്. | ജൂൺ - മാർച്ച്. |
| 11. | Spoken English | ജൂൺ - മാർച്ച്. |

S.P.M.U.P.S. SASTHAMCOTTA PIN 690 521 AYIKKUNNAM

മുൻ വർഷങ്ങളിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിലെ ലക്ഷ്യങ്ങളിൽ ചിലത് സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൗതിക സാഹചര്യവുമായി ബന്ധപ്പെട്ട ചില ലക്ഷ്യങ്ങളും കൂടി സാക്ഷാത്കരിക്കാനായിട്ടുണ്ട്. സംസ്ഥാനത്തെ പദ്ധതികളും പരിപാടികളും ഏകോപിപ്പിച്ച് തനത് പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും സാക്ഷാത്കരിക്കാൻ ഒരുമിച്ച് പ്രയത്നിക്കാം.

S.P.M.U.P.S. ★ AYIKKUNNAM ★
SASTHAMCOTTA
Pin. 690 521